اتّحاد الأولاد السنيّين لعموم كيرالا

# SAMASTHA KERALA SUNNI BALA VEDI

(Under:SAMASTHA KERALA JAM-IYYATHUL MUALLIMEEN CENTRAL COUNCIL)

സമസ്താലയം, ചേളാരി, പി.ഒ തേഞ്ഞിപ്പലം, പിൻ- 673 636, മലപ്പുറം, ഫോൺ : 8714608987

website : www.sksbvstate.com, Email: sksbvstate@gmail.com


SKSBV Circular No/05/2025-2026
12-06-2025

**സമസ്ത കേരള സുന്നി ബാലവേദി സംസ്ഥാന കമ്മിറ്റിയിൽ നിന്ന് ജില്ല, റെയ്ഞ്ച്, മദ്റസാ സമസ്ത കേരള സുന്നി ബാലവേദി, സമസ്ത കേരള ജംഇയ്യത്തുൽ മുഅല്ലിമീൻ എന്നിവയുടെ ഭാരവാഹികളെ അറിയിക്കുന്നത്.**

**മാന്യരേ,** السّلام عليكم

## ജൂൺ 26 സമസ്ത സ്ഥാപക ദിനം

കേരള മുസ്‌ലിംകളുടെ ആത്മീയ വൈജ്ഞാനിക നവോത്ഥാന മേഖലകളിൽ ഒരു നൂറ്റാണ്ടു കാലമായി നേതൃത്വം നൽകി കൊണ്ടിരിക്കുന്ന സമസ്ത കേരള ജംഇയ്യതുൽ ഉലമയുടെ നൂറാം സ്ഥാപക ദിനമായ ജൂൺ 26 ന് താഴെ പറയുന്ന പരിപാടികളോടെ സ്ഥാപകദിനം ആചരിക്കേണ്ടതാണ്.

**പതാക ഉയർത്തൽ**

മദ്റസകളിൽ സമസ്ത കേരള ജംഇയ്യത്തുൽ ഉലമയുടെ പതാക ഉയർത്തുകയും മധുരവിതരണം നടത്തുകയും ചെയ്യുക.

**ഖബർ സിയാറത്ത്**

യൂണിറ്റ് തലങ്ങളിൽ സമസ്തയുടെയും പോഷക ഘടകങ്ങളുടെയും പൂർവ്വ കാല നേതാക്കൾ, പ്രദേശ - ത്ത് സംഘടനക്കും മഹല്ല് - മദ്റസ സംവിധാനങ്ങൾക്കും നേതൃത്വം നൽകിയവർ എന്നിവരുടെ മഖ്ബറകൾ, മഹല്ല് ഖബ്ർ സ്ഥാൻ എന്നിവിടങ്ങളിൽ സിയാറത്ത് നടത്തുക.

**അസംബ്ലി**

യൂണിറ്റ് തലങ്ങളിൽ മുഴുവൻ വിദ്യാർത്ഥികളെയും പങ്കെടുപ്പിച്ച് പ്രത്യേക അസംബ്ലി സംഘടിപ്പിച്ച് സ്ഥാപക ദിന സന്ദേശം നൽകുകയും പ്രത്യേക പ്രാർത്ഥന നടത്തുകയും ചെയ്യുക.

## ഹിജ്റ സന്ദേശ സംഗമം

ഹിജ്റ വർഷം 1447ലേക്ക് പ്രവേശിക്കുകയാണല്ലോ.പുതുവർഷത്തെ വരവേൽക്കുന്നതിന്റെ ഭാഗമായി **SKSBV**യുടെ ആഭിമുഖ്യത്തിൽ എല്ലാ മദ്റസകളിലും മുഹർറം 1ന് രാവിലെ 7.00 മണിക്ക് ഹിജ്റ സന്ദേശ സംഗമം സംഘടിപ്പിച്ച് താഴെ നൽകിയിരിക്കുന്ന മുഹർറം സന്ദേശം കുട്ടികൾക്ക് പകർന്നു നൽകേണ്ടതാണ്.

## സന്ദേശം

നബി (സ്വ) യുടെ ജീവിതത്തിലെ ത്യാഗോജ്ജ്വലമായ ഒരു അധ്യായമായിരുന്നു ഹിജ്റ.മക്കയിൽ പരസ്യ പ്രബോധനം ആരംഭിച്ചതു മുതൽക്കു തന്നെ നബി (സ്വ) തങ്ങൾക്ക് പീഡനങ്ങളേൽക്കേണ്ടി വന്നിട്ടുണ്ട്. ദിനങ്ങൾ കഴിയും തോറും ആക്രമണങ്ങളുടെ ശക്തിയും രീതിയും അധികരിച്ചുകൊണ്ടേയിരുന്നു. സ്വഹാബികളെയാണ്

ആദ്യം ശത്രുക്കൾ പീഡിപ്പിച്ചിരുന്നത്. അവർക്ക് നേരെയുള്ള പീഡനങ്ങൾ അസഹനീയമായ തരത്തിലേക്കുയർന്നപ്പോൾ അല്ലാഹുവിന്റെ അനുമതിയോടെ അവരോട് അബ്സീനിയയിലേക്ക് ഹിജ്റ പോകാൻ പറയുകയായിരുന്നു നബി (സ്വ). പിന്നെയും ഏഴ് വർഷങ്ങൾ കഴിഞ്ഞു. പക്ഷെ, ശത്രുവിന്റെ മനസ്സ് കൂടുതൽ കഠിനമാവുകയായിരുന്നു. ഇതിനിടയിലാണ് നബി (സ്വ) യസ്രിബുകാരുമായി ഉടമ്പടി ചെയ്തതും സ്വഹാബിമാരോട് അങ്ങോട്ട് പോകാൻ ആവശ്യപ്പെട്ടതും. അങ്ങനെ സ്വഹാബിമാർ മദീനയിലേക്ക് ഹിജ്റ ആരംഭിച്ചു.

ഇസ്‌ലാമിലെ ഹിജ്റ ഒരു ഭീരുവിന്റെ ഒളിച്ചോട്ടമായിരുന്നില്ല. അത് ഒരു മഹാത്യാഗമായിരുന്നു. സ്വന്തം നാട്ടുകാരുടെ ശല്യം എല്ലാ അതിരും ലംഘിക്കുന്ന തരത്തിലേക്ക് ഉയരുമ്പോഴായിരുന്നു ആ പാലായനം. അതിനാൽ ഹിജ്റയിലെ ചിത്രം തന്നെ ഉപദ്രവിക്കുന്നവരിൽ നിന്ന് സ്വയം മാറി നിൽക്കുന്ന നബി(സ്വ)യുടേതാണ്. അഥവാ, അവിടെ തന്നെ പിടിച്ചു നിന്ന് ശക്തി പ്രാപിച്ച് തിരിച്ചടിക്കാതെ എതിരാളികളിൽ നിന്ന് മാറി നിൽക്കുന്ന നബിയുടെ ചിത്രം. ആ ഹിജ്റ ഉണ്ടായിരുന്നില്ലായെങ്കിൽ മക്ക വലിയ കലാപ ഭൂമിയും ചോരക്കളവുമായി മാറുമായിരുന്നേനെ. ഇങ്ങനെ മാറിക്കൊടുത്തത് കൊണ്ട് ശത്രുത ഒരളവോളം കുറവുവരുത്താനായി. ഒപ്പം തന്നെ ശാന്തവും അനുകൂലവുമായ ഒരിടത്ത് മാറി നിന്ന് സാമൂഹ്യമായും മതപരമായും ശക്തി പ്രാപിച്ച് മക്കാ വിജയം എന്ന ഐതിഹാസികമായ ചരിത്രത്തിലേക്ക് നടന്നടുക്കാൻ വഴി തുറന്നതും ഈ ഹിജ്റയാണ്.

ഹിജ്റ എന്ന പദത്തിന്റെ ക്രിയാരൂപമായ ഹാജറ എന്നത് കൊണ്ടർഥമാക്കുന്നത് നാടുവിട്ട് മറ്റൊരു നാട്ടിലേക്ക് പാലായനം ചെയ്യുക, അഭയാർത്ഥിയായി പോവുക എന്നൊക്കെയാണ്. ഓരോ ഹിജ്റയുടെയും പൂർത്തീകരണങ്ങൾ പ്രധാനമായും രണ്ടു സന്ദേശങ്ങളാണ് നമ്മെ അറിയിക്കുന്നത്. ഒന്ന്, അടിച്ചമർത്തപ്പെട്ട ജനതയുടെ ഉയിർത്തെഴുന്നേൽപ്പ്. രണ്ട്, അല്ലാഹു വിരോധിച്ച കാര്യങ്ങളിൽ നിന്നെല്ലാം അകന്നു നിൽക്കുക എന്നതാണ്. ആ അർത്ഥവും ഒരു പുതിയ വർഷത്തിലേക്ക് കാലെടുത്തു വെക്കുമ്പോൾ നാം പരിഗണിക്കേണ്ടതുണ്ട്. ജീവിതം മുഴുവനും അല്ലാഹുവിന്റെ സംതൃപ്തിക്ക് സമർപ്പിക്കുവാൻ നാഥൻ തൗഫീഖ് നൽകട്ടെ .ആമീൻ.

**എന്ന്**

**ഹർഷാദ് കുറ്റിക്കടവ് (ഒപ്പ്)**

**ജനറൽ സെക്രട്ടറി**

**SKSBV സംസ്ഥാന കമ്മിറ്റി**

**സമസ്താലയം**

**12/06/2025**